**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് കേന്ദ്ര അന്വേഷണ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എത്ര തവണ സമൻസ് അയയ്ക്കുകയും കിഫ്ബി ഉന്നത ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്; ഏതെങ്കിലും കേസ് ഇതനുസരിച്ച് എടുത്തിട്ടുണ്ടോ; | (എ) | കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് കേന്ദ്ര അന്വേഷണ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എട്ടോളം സമൻസുകൾ കിഫ്ബി ഉദ്യോഗ സ്ഥർക്ക് അയച്ചിട്ടുണ്ടായിരുന്നു. ആറോളം തവണ ഉദ്യോഗസ്ഥർ കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് മുന്നിൽ നേരിട്ട് ഹാജരാകേണ്ടി വന്നു. ഈ അന്വേഷണം സംബന്ധിച്ച് നിലവിൽ കേസൊന്നും തന്നെ എടുത്തിട്ടില്ല എന്നും ഇപ്പോൾ നടന്നു വരുന്നത് ഒരു പ്രാഥമിക അന്വേഷണം മാത്രമാണെന്നുമാണ് ഇതു സംബന്ധിച്ച് റിട്ട് പരാതി പരിഗണിച്ച അവസരത്തിൽ ഇ.ഡി അഭിഭാഷകൻ ബഹു. കേരള ഹൈക്കോടതിയെ അറിയിച്ചത്. |
| (ബി) | സംസ്ഥാന സർക്കാരിന്റെ അധികാരമുപയോഗിച്ച് രൂപീകരിച്ച കിഫ്ബിയ്ക്കെതിരെ ഇത്തരത്തിൽ നിരന്തരമായി നീക്കം നടത്തുന്നതിനെതിരെ കിഫ്ബി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കേരള സംസ്ഥാനത്തിന്റെ വികസന മുഖഛായ സമഗ്രമായി മാറ്റുന്ന വികസനമാണ് കിഫ്ബി മുഖേന സർക്കാർ ചെയ്യുന്നത്. നാളിതുവരെ 73,000 കോടിയിലധികം രൂപയുടെ 993 പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകികഴിഞ്ഞു. ഈ പദ്ധതികൾക്കായി രാജ്യത്തിലെ നിയമവ്യവസ്ഥകൾക്ക് ഉള്ളിൽ നിന്നുകൊണ്ട് കിഫ്ബി ധനസമാഹരണം നടത്തിവരുന്നു. ഇതിനോടകം 18,000 കോടിയിലധികം രൂപ ധനവിപണിയിൽ നിന്നും ഇത്തരത്തിൽ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റിലും കിഫ്ബി ഒരു നൂതന ധനകാര്യസ്ഥാപനം എന്ന രീതിയിൽ ശ്രദ്ധിക്കപ്പെട്ടു. ഇത്തരത്തിൽ കിഫ്ബി മികച്ചരീതിയിൽ പ്രവർത്തിച്ചുവരുന്ന അവസരത്തിലാണ് വിവിധ കേന്ദ്ര ഏജൻസികളെയും റെഗുലേറ്ററി ഏജൻസികളെയും ഉപയോഗിച്ച് അതിനെ തടസ്സപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നത്. പൊതുമധ്യത്തിൽ കിഫ്ബിയെ മോശപ്പെടുത്തുവാനും നിക്ഷേപകരിൽ പരിഭ്രാന്തി സൃഷ്ടിച്ച് കിഫ്ബിയിലേക്കു വരേണ്ട |

| | | | |
|---|---|---|---|
| | | | നിക്ഷേപങ്ങളെ തടസ്സപ്പെടുത്തുവാനും അതുവഴി നിലവിൽ ലക്ഷ്യം വെച്ചിരിക്കുന്ന വികസനപ്രവർത്തനങ്ങളെ അവതാളത്തിലാക്കാനും ഈ കൂട്ടർ നിരന്തരം ശ്രമിക്കുകയാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനായി സമൂഹമധ്യത്തിൽ ഇക്കൂട്ടരെയും അവരുടെ ദുഷ്ടലാക്കോടെയുള്ള പ്രവർത്തനങ്ങളെയും തുറന്നുകാട്ടുന്നതിനുള്ള നടപടികൾ സർക്കാർ തീർച്ചയായും സ്വീകരിക്കുന്നതാണ്. മേൽ വിഷയങ്ങളിലെ വസ്തുതകൾ ചൂണ്ടിക്കാട്ടി റൂൾ 300 പ്രകാരം ഒരു പ്രസ്താവന ഇതിനോടകം സഭയിൽ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ, ഇത്തരത്തിലുള്ള വിവിധ വിഷയങ്ങൾ ചൂണ്ടിക്കാട്ടി ഒരു കത്ത് ബഹു. കേന്ദ്ര ധനകാര്യ മന്ത്രിക്കും അയച്ചിട്ടുണ്ട്. |
| (സി) | റിസർവ് ബാങ്കിന്റെ അനുമതിയോടെ കിഫ്ബി സ്വീകരിച്ച മസാല ബോണ്ട് സംബന്ധിച്ച് പരിശോധന നടത്താൻ നിയമപരമായി അധികാരമുള്ളത് ഏത് ഏജൻസിക്കാണ്; ഇക്കാര്യത്തിൽ റിസർവ് ബാങ്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | ഫെമ ആക്റ്റിന് കീഴിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് റെഗുലേറ്ററായ റിസർവ് ബാങ്ക് അംഗീകാരത്തോടെയാണ് കിഫ്ബി മസാല ബോണ്ട് പുറപ്പെടുവിച്ചത്. അന്വേഷണം തുടങ്ങി ഒന്നര വർഷം കഴിയുന്ന അവസരത്തിലും കിഫ്ബി നടത്തിയ ഫെമ ചട്ടലംഘനം എന്താണെന്നോ ഇ.ഡി അന്വേഷിക്കുന്ന വിഷയത്തെക്കുറിച്ചോ ഒരു വ്യക്തതയും ഉണ്ടായിട്ടില്ല. കിഫ്ബിയ്ക്ക് ലഭിച്ച സമൻസുകളിലും ഇത് വ്യക്തമാക്കിയിട്ടില്ല. കേന്ദ്രസർക്കാരിനു കീഴിലുള്ള കിഫ്ബിയ്ക്ക് സമാനമായ ബോഡികോർപ്പറേറ്റുകളും മസാലാ ബോണ്ട് പുറപ്പെടുവിചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്കുമേൽ ഫെമ ചട്ട ലംഘനങ്ങൾ ഒന്നും തന്നെ ആരോപിക്കപ്പെട്ടിട്ടില്ല എന്നതും ശ്രദ്ധേയമാണ്. റിസർവ് ബാങ്ക് ഇതു സംബന്ധിച്ച് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ ആറാം സമ്മേളനം - ബഹു. എം.എൽ.എ ശ്രീ. എച്ച്. സലാം സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ.എൻ. ബാലഗോപാൽ ധനകാര്യ വകുപ്പമന്ത്രി 24.08.2022 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 475 കിഫ്ബി എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾ താഴെ പറയുന്നവയാണ്.

***(എ)*** കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് കേന്ദ്ര അന്വേഷണ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എത്ര തവണ സമൻസ് അയയ്ക്കുകയും കിഫ്ബി ഉന്നത ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്; ഏതെങ്കിലും കേസ് ഇതനുസരിച്ച് എടുത്തിട്ടുണ്ടോ; ***(ബി)*** സംസ്ഥാന സർക്കാരിന്റെ അധികാരമുപയോഗിച്ച് രൂപീകരിച്ച കിഫ്ബിയ്ക്കെതിരെ ഇത്തരത്തിൽ നിരന്തരമായി നീക്കം നടത്തുന്നതിനെതിരെ കിഫ്ബി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ***(സി)*** റിസർവ് ബാങ്കിന്റെ അനുമതിയോടെ കിഫ്ബി സ്വീകരിച്ച മസാല ബോണ്ട് സംബന്ധിച്ച് പരിശോധന നടത്താൻ നിയമപരമായി അധികാരമുള്ളത് ഏത് ഏജൻസിക്കാണ്; ഇക്കാര്യത്തിൽ റിസർവ് ബാങ്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു.

Reji John

**ജോയിന്റ് സെക്രട്ടറി**